# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ കെ.ടി.എം.പി-11/939/2021

തീയതി 06.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെ.ടി.എം.പി-11/939/2021
തീയതി 06.08.2021

തീയ്യതി: 06/08/2021

## കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ രാജേഷ് എം. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ബാബുരാജ് കെ. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിനു സജീവ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രേഖ എം. കെ. | സെക്രട്ടറി | 01-04-2019 | 15-06-2019 |
| ഷുക്കൂർ മുഹമ്മദ് എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-06-2019 | 27-06-2019 |
| രേഖ എം. കെ. | സെക്രട്ടറി | 28-06-2019 | 09-07-2019 |
| ഷുക്കൂർ മുഹമ്മദ് എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-07-2019 | 21-07-2019 |
| രേഖ എം. കെ. | സെക്രട്ടറി | 22-07-2019 | 01-08-2019 |
| ഷുക്കൂർ മുഹമ്മദ് എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-08-2019 | 01-09-2019 |
| രേഖ എം. കെ. | സെക്രട്ടറി | 02-09-2019 | 01-11-2019 |

| | | | |
|---|---|---|---|
| ഷുക്കൂർ മുഹമ്മദ് എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2019 | 17-11-2019 |
| രേഖ എം. കെ. | സെക്രട്ടറി | 18-11-2019 | 05-12-2019 |
| ഷുക്കൂർ മുഹമ്മദ് എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2019 | 16-12-2019 |
| സിന്ധുമോൾ എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-12-2019 | 02-01-2020 |
| രേഖ എം. കെ. | സെക്രട്ടറി | 03-01-2020 | 20-01-2020 |
| സിന്ധുമോൾ എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-01-2020 | 04-02-2020 |
| രേഖ എം. കെ. | സെക്രട്ടറി | 05-02-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീമതി യമുന ജോസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷൈബി തോമസ് | വെറ്ററിനറി സർജൻ | 01-04-2019 | 27-01-2020 |
| ഡോ. അഞ്ജു എലിസ് ബെൻ | വെറ്ററിനറി സർജൻ | 28-01-2020 | 31-03-2020 |
| ഡോ. പ്രിയ എം. ടി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 01-05-2019 |
| ഡോ. ശ്വേത ശിവദാസൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 02-05-2019 | 31-03-2020 |
| ഡോ. അരുൺരാജ് | മെഡിക്കൽ ഓഫീസർ- | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ഡോ. ബെൻഷാ ബഷീർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ. മാർട്ടിൻ ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു. എം. ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ബെന്നി തോമസ് | അസിസ്റ്റന്റ് എൻജിനീയർ-എൽ.എസ്.ജി.ഡി. | 01-04-2019 | 31-03-2020 |
| ശ്രീമതി മരിയ ഗൊരോത്തി | ഹെഡ്മാസ്റ്റർ-ഗവൺമെന്റ് യു. പി. സ്കൂൾ | 01-04-2019 | 31-03-2020 |
| സൂസൻ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ ഷുക്കൂർ മുഹമ്മദ് എം. എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 16-12-2019 |
| സിന്ധുമോൾ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 17-12-2019 | 31-03-2020 |
| ശ്രീ. പദ്മകുമാർ പി.ജി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | 01-04-2019 | 30-11-2019 |

2019-20 വർഷം 30/11/2019 വരെ രണ്ട് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഉണ്ടായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sivaraj P (Senior Grade Auditor, On 19-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 20-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 19-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rajesh M (Asst. Audit Officer, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 24-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 14-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-10 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-11 |
| 12 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 22-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-12 |
| 13 | സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 22-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-13 |
| 14 | വെള്ളക്കരം അധികം ഒടുക്കിയത് | 1-14 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | |
| 15 | വീടിന് അപകടകരമായ മരം മുറിച്ചതിന് ചെലവ്<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-15 |
| 16 | തെരുവ് വിളക്ക് പരിപാലനം - ടെന്റർ പരസ്യത്തിലെ നിബന്ധനകളിൽ നിന്ന് വ്യതിചലിച്ച് കരാർ ,മറ്റ് അപാകതകൾ<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-16 |
| 17 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കിയ കമ്മറ്റി തീരുമാനം നിയമാനുസൃതമല്ല<br>Written By: Rajesh M (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-17 |
| 18 | ആസ്തിസംരക്ഷണം തുടർ നടപടികൾ സ്വീകരിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-18 |
| 19 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും -ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-19 |
| 20 | അനുപൂരക പോഷകാഹാരം-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-20 |
| 21 | ജനറൽ കമ്മറ്റി തീരുമാനം വസ്തുതാപരമല്ല<br>Written By: Rajesh M (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-21 |
| 22 | ആനുകൂല്യത്തിന് അർഹതയില്ലാത്തവർക്ക് ലാപ് ടോപ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-22 |
| 23 | അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-23 |
| 24 | വാട്ടർ ടാങ്ക് വിതരണം-ടി.എസ്.പി-പ്ലാൻ ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകി-46900/-രൂപ തിരികെ ഈടാക്കിയതിൽ വ്യക്തതയില്ല | 1-24 |

| | | |
|---|---|---|
| | Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | |
| 25 | വാട്ടർ ടാങ്ക് വിതരണം-എസ്.സി.പി-ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-25 |
| 26 | ടൂ വീലർ വിതരണം-എസ്.സി.പി-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-26 |
| 27 | കളവെട്ട് യന്ത്രം വിതരണം- ടി.എസ്.പി-വ്യക്തിഗത ഗുണഭോക്താവിന് സബ്സിഡി നൽകി<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-27 |
| 28 | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി.പാറത്തോട് നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-28 |
| 29 | നിക്ഷേപപ്രവൃത്തികൾ-പൂർത്തീകരിച്ചില്ല<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 21-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 14-07-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 21-07-2021) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 21-07-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 21-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 21-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2019 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,912,940/- | 20,521,711/- |
| വരവ് | 237,627,500/- | 105,260,667/- |
| ആകെ | 239,540,440/- | 125,782,378/- |
| ചെലവ് | 237,105,175/- | 106,433,736/- |
| നീക്കിയിരിപ്പ് | 1,835,265/- | 19,348,642/- |

### 1-2 വാർഷിക ധനകാര്യപത്രിക

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 01/06/2020-ലെ A1-124/2020 നം. കത്ത് പ്രകാരം തപാലിലൂടെയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 121,807,434/- രൂപയും ചെലവ് 128,938,490/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 7,131,056/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 171,985,293/- രൂപയും ബാധ്യതകളുടെ മൂല്യം 161,317,979/- രൂപയും ജനറൽ ഫണ്ട് 10,667,314/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.
3. 330500201-Secured Loans-Loan From KURDFC ശീർഷകത്തിലെയും 440500101-Prepaid Programme Expenses ശീർഷകത്തിലെയും 31/03/2020-ലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ 5,990,684/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
4. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല.
5. 31/03/2020-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ റിക്കവറി തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയവും വിശദാംശവും രേഖപ്പെടുത്തി Government & Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. 350410101, 350410102, 350410301 ശീർഷകങ്ങളിൽ മുൻവർഷങ്ങളിൽ മുൻകൂറായി സ്വീകരിച്ച തുക തൻവർഷം വരവായി ക്രമീകരിച്ചിട്ടില്ല. മുന്നിരിപ്പും 2019-20 വർഷം ലഭിച്ച മുൻകൂറും ഉൾപ്പടെ 31/03/2020-ൽ ബാധ്യതയായി നിലനിൽക്കുന്നു.
7. 350300116-പ്രളയ സെസ്സ് ശീർഷകത്തിൽ നെഗ്റ്റീവ് നീക്കിയിരിപ്പ് കാണുന്നു.
8. പഞ്ചായത്ത് ആസ്തികളുടെ കണക്ക് തയ്യാറാക്കി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നതിനാൽ ബി-11 പ്രകാരമുള്ള ആസ്തിമൂല്യത്തിന്റെ വിശദാംശം ലഭ്യമല്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
9. ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്യുന്നതിന്റെ വിശദാംശം ലഭ്യമല്ല. Roads & Bridges, Other Fixed Assets എന്നീ ഇനങ്ങളുടെ ആകെ മൂല്യശോഷണം(Accumulated Depreciation) 31/03/2020-ലെ അവയുടെ ആസ്തിമൂല്യത്തിലും അധികരിച്ചതായി കാണുന്നു.
10. Capital Work In Progress തുകയുടെ വിശദാംശങ്ങൾ സൂക്ഷിച്ച് അക്കൗണ്ടിങ്ങ് ക്രമീകരണങ്ങൾ നിരീക്ഷിക്കാത്തതിനാൽ കൃത്യത വിശദീകരിച്ചിട്ടില്ല.
11. 31/03/2020-ൽ വസ്തുനികുതി ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ 5% ആയി ലൈബ്രറി സെസ്സ് കൺട്രോൾ അക്കൗണ്ട് ക്രമീകരിച്ചിട്ടില്ല.
12. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
13. സ്ഥാപന-ട്രേഡർ തൊഴിൽ നികുതി, ലൈസൻസ് ഡിമാന്റ്-കളക്ഷൻ-ബാലൻസ് തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കുടിശികയായി അവശേഷിക്കുന്ന തുകകൾ ഒടുക്കാനുള്ള സ്ഥാപനങ്ങളുടെ വിശദാംശവും ലഭ്യമല്ല.
14. 2019-20 വാടക ഡിമാന്റ് തുക രജിസ്റ്ററിലെ യഥാർത്ഥ ഡിമാന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. കളക്ഷൻ തുക ഡിമാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.
15. ജീവനക്കാരുടെ തൊഴിൽ നികുതി വരവ് I-1 പ്രകാരം 2,717,110/- രൂപയും RP-1 പ്രകാരം 2,687,110/- രൂപയുമാണ്. 30,000/- രൂപയുടെ തൊഴിൽ നികുതി വരവ് R

& P പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

16. പഞ്ചായത്തിന്റെ ക്യാഷ് ബാലൻസിൽ 10,634/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത് ക്രമീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20,521,711/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105,260,667/- |
| ആകെ | 125,782,378/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106,433,736/- |
| നീക്കിയിരിപ്പ് | 19,348,642/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,329,385/- |

## 1-4 ഫണ്ട് വിനിയോഗം

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് വിനിയോഗത്തിൽ/ അക്കൗണ്ടിങ്ങിൽ വ്യക്തതയില്ലാത്ത ഗ്രാന്റുകളുടെ വിവരം പരാമർശമായാണ് ചേർത്തിട്ടുള്ളത്.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | തൻവർഷ അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16,340,160/- | 16,340,160/- | 10,909,630/- | 5,430,530/- | 66.77 |
| വികസന ഫണ്ട്-എസ്.സി. | 0 | 3,975,941/- | 3,975,941/- | 3,197,101/- | 778,840/- | 80.41 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 1,320,588/- | 1,320,588/- | 898,354/- | 422,234/- | 68.03 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 19,701,000/- | 19,701,000/- | 9,075,676/- | 10,625,324/- | 46.07 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13,640,363/- | 13,640,363/- | 8,102,128/- | 5,538,235/- | 59.4 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5,225,000/- | 5,225,000/- | 2,105,646/- | 3,119,354/- | 40.3 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 0 | 14,329,342/- | 14,329,342/- | 14,329,342/- | 0 | 100 |
| ICDS ഫണ്ട് | 581,104/- | 900,582/- | 1,481,686/- | 701,591/- | 780,095/- | - |
| സാക്ഷരത ഗ്രാന്റ് | 47,608/- | 1,904/- | 49,512/- | 19,750/- | 29,762/- | - |
| എസ്.ടി. ഫണ്ട് | 19,014/- | - | 19,014/- | - | 19,014/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2,901,030/- | - | 2,901,030/- | 485,000/- | 2,416,030/- | - |
| ജലനിധി ഗ്രാന്റ് | 2,439,907/- | 12,895,237/- | 15,335,144/- | 13,746,656/- | 1,588,488/- | - |
| ശബരിമല ഗ്രാന്റ് | 120,004/- | 500,000/- | 620,004/- | 98,624/- | 521,380/- | - |
| സംയുക്ത പ്രോജക്ട് ഫണ്ട്- ബ്ലോക്ക് പഞ്ചായത്ത്- ക്യാപ്പിറ്റൽ | 12,945/- | - | 12,945/- | - | 12,945/- | - |
| സംയുക്ത പ്രോജക്ട് ഫണ്ട്- ജില്ല പഞ്ചായത്ത്- ക്യാപ്പിറ്റൽ | 2,300,000/- | - | 2,300,000/- | - | 2,300,000/- | - |
| സംയുക്ത പ്രോജക്ട് ഫണ്ട്- ബ്ലോക്ക് പഞ്ചായത്ത്-റവന്യൂ | 199,984/- | 3,332,023/- | 3,532,007/- | 3,273,293/- | 258,714/- | - |
| സംയുക്ത പ്രോജക്ട് ഫണ്ട്- ജില്ല പഞ്ചായത്ത്- റവന്യൂ | 200,000/- | - | 200,000/- | - | 200,000/- | - |
| സംയുക്ത പ്രോജക്ട് ഫണ്ട്- ബ്ലോക്ക്പഞ്ചായത്ത്- മറ്റു ക്യാപ്പിറ്റൽ | 1,240,000/- | - | 1,240,000/- | - | 1,240,000/- | - |
| മറ്റു പ്രത്യേക ഗ്രാന്റ്- ജില്ല പഞ്ചായത്ത് | 130,000/- | - | 130,000/- | - | 130,000/- | - |
| മറ്റു ഗ്രാന്റ്(ലൈഫ് മിഷൻ) | - | 6,434,950/- | 6,434,950/- | 2,700,000/- | 3,734,950/- | - |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അക്കൗണ്ടിങ്ങ് സംബന്ധിച്ചും വിനിയോഗത്തിലും താഴെ പറയുന്ന പ്രധാനപ്പെട്ട അപാകതകൾ നിലനിൽക്കുന്നു.

1. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. ഉണ്ടെങ്കിലും തുക ലഭ്യമാകുന്നതും ചെലവഴിക്കുന്നതും കൃത്യമായി രേഖപ്പെടുത്തി കണക്ക് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ വിവിധ ഗ്രാന്റ് ശീർഷകങ്ങളിലെ വരവു-ചെലവുകളാണ് മേൽപട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്. എ.സി.ആർ. കൃത്യമായി തയ്യാറാക്കിയിട്ടില്ല എന്നതിനാൽ തുകകളുടെ അക്കൗണ്ടിങ്ങ് കൃത്യത വ്യക്തമല്ല.

2. 2019-20 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 6,894,126/- രൂപ റവന്യൂ വരവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് (ശീർഷകം-160300101). ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാന്റ് ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. തുക 406/20, 421/20, 422/20 നം. പ്രോജക്ടുകൾ മുഖേന ചെലവഴിച്ചു.

3.കേരളോൽസവം ഗ്രാന്റ് 20,000/- രൂപ റവന്യൂ വരവായി അക്കൗണ്ട് ചെയ്തു.

4.160100399 ശീർഷകത്തിൽ വരവായി 4.11 ലക്ഷം രൂപ ലഭിച്ചത്(State Sponsored Scheme-Others) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റാണോ എന്നത് വ്യക്തമല്ല.

5.ജലനിധി പ്രോജക്ട് ചെലവ് 1.375 കോടി രൂപ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി നേരിട്ട് അക്കൗണ്ട് ചെയ്തിരിക്കുന്നു.

6.320800199 ശീർഷകത്തിൽ 6,434,950/- രൂപ ഗ്രാന്റ് ലഭിച്ചതായും ടി ഗ്രാന്റിൽ 27 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചതായും ധനകാര്യ പത്രികയിൽ കാണുന്നു. ഏതിനത്തിലുള്ള ഗ്രാന്റാണെന്നും ഏത് പ്രോജക്ടിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമല്ല.

7.ശബരിമല ഗ്രാന്റിന്റെ ചെലവ് 98,624/- രൂപ തനത് ഫണ്ട് പ്രോജക്ടായിട്ടാണ് സുലേഖ ചെലവ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്(പ്രോജക്ട് നം.305/20).

8.വികസന ഫണ്ട്-ജനറൽ ചെലവഴിച്ച തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ളതും ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ളതും തമ്മിൽ 1,420/- രൂപയുടെ വ്യത്യാസം കാണുന്നു.

9.ഗുണഭോക്തൃ വിഹിതമിനത്തിലുള്ള മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. തൻവർഷ വരവ്-ചെലവിന്റെ വിശദാംശവും സൂക്ഷിച്ചിട്ടില്ല.

10.ജില്ല പഞ്ചായത്ത് വിഹിതം 280/20 നം. പ്രോജക്ടിനായി ചെലവഴിച്ച 2 ലക്ഷം രൂപയുടെ ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 പ്രകാരം 160300101 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം ചെലവിൽ 2 ലക്ഷം രൂപ സുലേഖ ചെലവു പത്രികയും 160300101 ശീർഷകത്തിലെ കണക്കും തമ്മിലുള്ള വ്യത്യാസമായി നിലനിൽക്കുന്നു.

11.സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് 3,320,264/- രൂപയാണ്. ബ്ലോക്ക് പഞ്ചായത്ത് റവന്യൂ ശീർഷകത്തിൽ മാത്രമാണ് 2019-20 വർഷം 3,273,293/- രൂപ ചെലവുള്ളത്. 46,971/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. I-6 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് 2,657,007/- രൂപ മാത്രമാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം അക്കൗണ്ടിങ്ങ് അപാകതകൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

12.സുലേഖ ചെലവ് പത്രിക പ്രകാരം 2019-20 വർഷം മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഫണ്ട് വകയിരുത്തൽ ഇല്ല. ധനകാര്യ പത്രികയിലുള്ള 7,800/- മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം ലഭിച്ചതിന്റെ വിശദാംശവും ഉദ്ദേശ്യവും ലഭ്യമല്ല.

13.ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായതിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന ഗ്രാന്റുകളുടെ വിശദാംശവും ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമല്ല.

വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. എന്നിവയിലെ ചെലവിൽ ധനകാര്യപത്രികയിലെ I&E, R&P എന്നിവയിൽ യഥാക്രമം 7.5 ലക്ഷം, 73,529/-, 14,706/- രൂപയുടെ വ്യത്യാസം കാണുന്നത് KURDFC വായ്പ തിരിച്ചടവ് തുകകൾ കുറവ് ചെയ്ത ശേഷമാണ് പഞ്ചായത്തിന് പ്രസ്തുത ഗ്രാൻുകൾ ലഭിച്ചത് എന്നതുകൊണ്ടാണ്(തുകകൾ യഥാക്രമം 437/20, 438/20, 439/20 നം. പ്രോജക്ടുകൾ പ്രകാരം ചെലവായി ബുക്ക് ചെയ്തു). പഞ്ചായത്തിന്റെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്/കോൺട്രിബ്യൂഷൻ വിനിമയത്തിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ഗ്രാന്റ് വിനിമയത്തിലെയും അക്കൗണ്ടിങ്ങിലെയും അപാകതകൾ പരിഹരിച്ച്

ഓരോ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയ ACR തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

### പദ്ധതി രൂപീകരണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 02-10-2018 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 21-10-2018 മുതൽ 31-10-2018വരെ തീയതികളിലും വികസനസെമിനാർ 23-11-2018 തീയതിയിലും യോഗം ചേർന്നിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 80898/2020/2707/18/DPC/DPO/KTM തീയതി 09.03.2020 പ്രകാരം അംഗീകാരവും ലഭിച്ചു. 21.39 കോടി രൂപ അടങ്കലുള്ള വാർഷിക പദ്ധതിയാണ് തയ്യാറാക്കിയിരുന്നത്.എന്നാൽ 7.48 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിച്ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | തൻവർഷ അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 16,340,160/- | 16,340,160/- | 10,909,630/- | 5,430,530/- | 66.77 |
| വികസന ഫണ്ട്- എസ്.സി. | 0 | 3,975,941/- | 3,975,941/- | 3,197,101/- | 778,840/- | 80.41 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 1,320,588/- | 1,320,588/- | 898,354/- | 422,234/- | 68.03 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 19,701,000/- | 19,701,000/- | 9,075,676/- | 10,625,324/- | 46.07 |

വിവിധ സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 20862710 | 11661050 |
| വികസനഫണ്ട്(എസ്.സി.പി) | 4920750 | 3270630 |
| വികസനഫണ്ട്(റ്റി.എസ്.പി) | 1612325 | 913060 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 16114198 | 8102128 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1900000 | 1186591 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 17200000 | 3224950 |
| തനത് ഫണ്ട് | 29094144 | 15189544 |

| | | |
|---|---|---|
| ബ്ളോക്ക് വിഹിതം | 6332432 | 3320264 |
| ജില്ലാപഞ്ചായത്ത് വിഹിതം | 15362019 | 7094126 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 23632881 | 9075676 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 6075000 | 2105646 |
| മറ്റുള്ളവ | 70833879 | 9717681 |
| ആകെ | 213940338 | 74861346 |

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടുണ്ട്.

<u>മോണിറ്ററിംഗ്</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 236 പ്രോജക്ടുകളിൽ 236 എണ്ണവും തൻവർഷം നടപ്പിലാക്കി. 75363 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1422 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോട് ആഴം കൂട്ടൽ, ഇടക്കയ്യാല നിർമ്മാണം തടയണകളുടെ നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4158.23 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 24276952 | 24704694 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ | 427742 | |

| | | | |
|---|---|---|---|
| | ഉൾപ്പടെ) | | |
| ആകെ വരവ് | | | 24708852.23 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 20672794 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം, സാധന വില | 2835408 | |
| | ഉപകരണങ്ങളുടെ വില, വാടക ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 413341.64 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക മിഷൻ തിരിച്ചടവ് | 431000 | |
| ആകെ ചെലവ് | | | 24352543.64 |
| നീക്കിയിരിപ്പ് | | | 356308.59 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം പാറത്തോട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 14,667,300/- | 2190 |
| കർഷകതൊഴിലാളി പെൻഷൻ | 1,618,200/- | 823 |
| വിധവാപെൻഷൻ | 4,568,400/- | 2089 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 255,600/- | 121 |
| വികലാംഗപെൻഷൻ | 2,064,200/- | 1027 |
| തൊഴിൽരഹിത വേതനം | ഇല്ല | - |
| വിവാഹ ധനസഹായം | 30,000/- | 1 |

തൊഴിലുറപ്പ് പദ്ധതി 100 ദിനങ്ങൾ പൂർത്തീകരിച്ചവർക്ക് 1,000/- രൂപ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. തൻവർഷം 4.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ്ബാലൻസ് പരിശോധന

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ കാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ കുറവുകളുണ്ടായിരുന്നതായാണ് ഓഡിറ്റ് പരിശോധനകളിൽ വ്യക്തമായത്. ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമത പുലർത്തുന്നുണ്ട്. എന്നാൽ കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. ഭൂമി ഉൾപ്പെടെ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിലും അക്കൗണ്ട് ചെയ്യുന്നതിലും വീഴ്ചകളുണ്ടായി. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷികപദ്ധതിക്കായി തനതുഫണ്ട് തുകകൾ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തുവെങ്കിലും സുലേഖ കണക്കുകളിൽ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കുന്നില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയാണ്. വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/01/2021 | 12/2019 മുതൽ 03/2020 വരെ | ലഭിച്ചില്ല. |
| | | | |

| | | | | |
|---|---|---|---|---|
| | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/10/2017 മുതൽ 08/11/2017 വരെ | 2012-13 മുതൽ 2016-17 വരെ | 14/10/2019 |

**1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിന് 2019-20 ധനകാര്യ പത്രിക പ്രകാരം പ്രത്യക ഉദ്ദേശ്യ ഗ്രാന്റുകൾ ഇനത്തിൽ NREGA ഫണ്ട്, ശബരിമല ഫണ്ട്, എസ്.സി. ഫണ്ട്, സാക്ഷരത ഫണ്ട്, ഐ.സി.ഡി.എസ്. ഫണ്ട്, സംയുക്ത പ്രോജക്ട് ഫണ്ട്, മറ്റു ഗ്രാന്റുകൾ എന്നിങ്ങനെ ധാരാളം ഗ്രാന്റ് തുകകൾ ലഭിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്, സംയുക്ത പ്രോജക്ട് ഫണ്ട്, ഗുണഭോക്തൃ വിഹിതം തുടങ്ങിയ ശീർഷകങ്ങളിൽ മുന്നിരിപ്പായി വിവിധ തുകകൾ അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത്തരം ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിനും ചെലവുകൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നതിനും എ.സി.ആർ. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എ.സി.ആർ. കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതിന്റെ ഫലമായി ഗ്രാന്റ് ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-6 ഷെഡ്യൂളിൽ നിശ്ചിത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചത് ഗ്രാന്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത് റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതായും കാണുന്നു.

അക്കൗണ്ടന്റ് സൂക്ഷിക്കേണ്ട അടിസ്ഥാന രജിസ്റ്ററായ എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗത്തിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. എല്ലാ പ്രത്യേക പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്, സംയുക്ത പ്രോജക്ട് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയുടെ എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പിന്റെ വിശദാംശം, തൻവർഷ ഇടപാടുകൾ, 2019-20, 2020-21 വർഷത്തെ കണക്കുകളുടെ സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

**1-12 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ**

2019-20 വർഷത്തെ വാർഷിക കണക്കുകളിലെ വിവിധ ആസ്തി-ബാധ്യത ശീർഷകങ്ങളിലെ ഇടപാടുകളുടെ കൃത്യതയും വിശദാംശവും ഉറപ്പാക്കുന്നതിനും ഇടപാടുകൾ നിരീക്ഷിക്കുന്നതിനുമായി സൂക്ഷിക്കുന്ന അടിസ്ഥാനരേഖകളായ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, രേഖപ്പെടുത്തൽ, സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു. പ്രസ്തുത അപാകതകൾ നിലനിൽക്കുന്നതിനാൽ വാർഷിക കണക്കുകളിലെ വിവിധ ശീർഷകങ്ങളിലെ

ഇടപാടുകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

| രജിസ്റ്ററിന്റെ പേര് | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | അപാകത പരിഹരിക്കേണ്ട രീതി/റിമാർക്ക്സ് |
|---|---|---|
| ഡെപ്പോസിറ്റ് രജിസ്റ്റർ | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്ന വിവിധ നിക്ഷേപ തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം വിവിധ ശീർഷകങ്ങളിലെ വർഷാരംഭ മുന്നിരിപ്പിന്റെ വിശദാംശം മുൻവർഷങ്ങളിൽ തിരികെ നൽകാത്ത തുക, ഒടുക്കിയ വ്യക്തി, ഒടുക്കിയ തീയതി എന്നിവ ക്യാരി ഓവർ ചെയ്തിട്ടില്ല. സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | വിവിധ നിക്ഷേപ തുകകളുടെ മുന്നിരിപ്പ് തുക വിശദാംശം (ഒടുക്കിയ വ്യക്തി/ സ്ഥാപനം, ഒടുക്കിയ തീയതി, ഒടുക്കിന്റെ ഉദ്ദേശ്യം/ പ്രോജക്ട്, രശീത് നം.) എഴുതി സൂക്ഷിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ തുക, തിരികെ നൽകിയ തുക/മുതൽക്കൂട്ടിയ തുക, നീക്കിയിരിപ്പ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| അഡ്വാൻസ് രജിസ്റ്റർ | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം(മുന്നിരിപ്പ്, തൻവർഷം നൽകിയത്, ആകെ, ക്രമീകരിച്ച തുക, നീക്കിയിരിപ്പ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. |
| ആസ്തി രജിസ്റ്റർ | ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ സുസ്ഥിര ആസ്തികളുടെയും പേര്, ഇനം, മൂല്യം, സ്ഥിതിചെയ്യുന്ന സ്ഥലം, ആസ്തി നമ്പർ എന്നിവ ചേർത്ത് ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. വിവിധ പ്രോജക്ടുകളിലൂടെ ആസ്തിയുടെ മൂല്യം വർദ്ധിക്കുന്നതും കാലപ്പഴക്ക മൂല്യശോഷണവും |

| | | |
|---|---|---|
| | | കൃത്യമായി കാലികമാക്കേണ്ടതാണ്. |
| സ്റ്റോക്ക് രജിസ്റ്റർ | പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി വിനിമയം ക്രമീകരിക്കേണ്ടതാണ്. | പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിമയം ക്രമീകരിക്കേണ്ടതാണ്. |
| ലോൺ രജിസ്റ്റർ | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | ലോൺ സംബന്ധിച്ച ഇടപാടുകളുടെ വിശദാംശം രേഖപ്പെടുത്തി ഇടപാടുകൾ( വരവ്, തിരിച്ചടവ്) നിരീക്ഷിക്കേണ്ടതാണ്. |
| റിക്കവറി രജിസ്റ്റർ | റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിശദാംശം (ഒടുക്കിയ വ്യക്തി, ഒടുക്കിയ ഇനം, തുക, രസീത് നം., തീയതി, ഒടുക്കിയ വ്യക്തിയുടെ ഉദ്യോഗപ്പേര്) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. |
| ഡി.സി.ബി. രജിസ്റ്റർ | തൊഴിൽ നികുതി(ട്രേഡർ/ സ്ഥാപനം), വാടക, ലൈസൻസ് എന്നീ അക്രുവൽ വരവിനങ്ങളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | പഞ്ചായത്തിലെ സ്ഥാപന ട്രേഡർ ലിസ്റ്റ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പ്രോഗ്രസീവായി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ആകെ തുക കണക്കാക്കി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിൽ സ്ഥാപന/ ട്രേഡറുടെ പേര്, വിലാസം, സ്ഥാപനത്തിന്റെ പേര്, വാർഡ്, കെട്ടിട നം. എന്നിവ ചേർക്കേണ്ടതാണ്. |
| കുടിശിക ഡിമാന്റ് | തൊഴിൽ നികുതി(ട്രേഡർ/ സ്ഥാപനം), വാടക, | കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തുകകളുടെ ഒടുക്ക് |

| | | |
|---|---|---|
| രജിസ്റ്റർ | ലൈസൻസ് എന്നീ അക്രുവൽ വരവിനങ്ങളുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | രേഖപ്പെടുത്തേണ്ടതാണ്. ദീർഘകാല കുടിശികകളിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. |
| സർക്കാർ/ മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ | GST, Library Cess, Income Tax ഒടുക്ക് നിരീക്ഷിക്കുന്നതിന് സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും ഒടുക്കേണ്ട തുകകൾ പഞ്ചായത്തിൽ ബാധ്യതയായി സ്വീകരിക്കുന്നതിന്റെ(GST, Library Cess, Income Tax Etc.) ഒടുക്ക് നിരീക്ഷിക്കുന്നതിന് സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. |

പഞ്ചായത്തിന്റെ വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. മേൽവിവരിച്ച എല്ലാ രജിസ്റ്ററുകളും കൃത്യമായ എൻട്രികൾ വരുത്തി 2019-20, 2020-21 വർഷത്തേത് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാൻറിൽ ഉൾപ്പെട്ടിട്ടില്ല

2019-20 വർഷത്തെ സ്ഥാപങ്ങളുടെയും ട്രെയ്ഡർമാരുടെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ വാണിജ്യ സ്ഥാപനങ്ങൾ, ടൂർ ട്രാവൽ ഏജൻസികൾ, റസിഡൻഷ്യൽ ഹോട്ടൽ, ഫിനാൻഷ്യൽ സർവ്വീസ് എന്നിവ പഞ്ചായത്ത് പരിധിയിലുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ സ്ഥാപനങ്ങളുടെ ലിസ്റ്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ട്രേഡർ ലൈസൻസ്-തൊഴിൽ നികുതി രജിസ്റ്റർ എന്നിവയിലെ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ) ഡിമാന്റിൽ ഉൾപ്പെടാത്ത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | സ്റ്റാർ ട്രാക്ക് കേബിൾ നെറ്റ്‌വർക്ക്, പൊടിമറ്റം-പാലമ്പ്ര റോഡ് |
| 2. | പി.വി.ജി. ഓട്ടോമൊബൈൽസ്, പൊടിമറ്റം |
| 3. | പെൻഡ്ഡാനത്ത് ട്രെയ്ഡേഴ്സ്, ഇലക്ട്രിക് സ്കൂട്ടർ ഡീലർ, |

| | |
|---|---|
| | പൊടിമറ്റം |
| 4. | R3 ഹോളിഡേയ്സ് ടൂർ ഓപ്പറേറ്റർ, പൊടിമറ്റം |
| 5. | ക്രയോൺസ് ഫാമിലി ഷോപ്പ്, പൊടിമറ്റം |
| 6. | ഗൾഫ് ഓട്ടോസ് & കാർ എസി. സർവ്വീസ്, പൊടിമറ്റം |
| 7. | പി.എം.എസ്. ടിമ്പേഴ്സ് & ഡിപ്പോട്ട്, പൊടിമറ്റം |
| 8. | തൈപ്പറമ്പിൽ ഓട്ടോസ്, പാറത്തോട് |
| 9. | സ്പൈസസ്-24 സൂപ്പർ മാർക്കറ്റ്, പാറത്തോട് |
| 10. | പെറ്റ് സോൺ അക്വേറിയം ഷോപ്പ്, പാറത്തോട് |
| 11. | സി-7 ഹോളിഡേയ്സ് ടൂർ ഏജൻസി, പാറത്തോട് |
| 12. | ജെ. കെ. പേപ്പർ മാർട്ട്, പാറത്തോട് |
| 13. | ഇൻസൈറ്റ് ഇൻവെസ്റ്റ്മെന്റ് സർവ്വീസ്, പാറത്തോട് |
| 14. | കൃപ റസിഡൻസി(റസിഡൻഷ്യൽ ഹോട്ടൽ), കൂവപ്പള്ളി |
| 15. | സിയ ഫർണിച്ചർ മാർട്ട്, ഇടക്കുന്നം |

മേൽവിവരിച്ച സ്ഥാപനങ്ങളെ സ്ഥാപന/ട്രേഡർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ചുമത്താതിരുന്നതുമൂലം പഞ്ചായത്തിന് നികുതി വരുമാനത്തിൽ ചോർച്ച സംഭവിച്ചതായി കാണുന്നു. തനതു നികുതി ഡിമാന്റിലുണ്ടായ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്(നം.7/2019-20/22.07.2021) മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളെ 2019-20, 2020-21 വർഷങ്ങളിലെ ഡിമാന്റിൽ ഉൾപ്പെടുത്തി സ്ഥാപന/ട്രേഡർ തൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വെള്ളക്കരം അധികം ഒടുക്കിയത്

ഗ്രാമപഞ്ചായത്തിന് 04/2019 ന് വാട്ടർ അതോറിട്ടി ലഭ്യമാക്കിയ സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജിനത്തിലെ ഡിമാന്റ് നോട്ടീസ് ബിൽ നം.33985/16-04-2019 പ്രകാരം അടവാക്കേണ്ടിയിരുന്ന തുക 26969/ രൂപയാണ്. എന്നാൽ വൗച്ചർ നം.21900097/17-04-2019, ചെക്ക് നം.25399/17-04-2019 പ്രകാരം വാട്ടർ അതോറിട്ടിയിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തത് 42875/ രൂപയാണ്. 15906/രൂപ അധികം നല്കി. ഇപ്രകാരം അധികതുക ഒടുക്കിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.07.21) വാട്ടർ അതോറിട്ടിയിൽ നിന്ന് സ്പഷ്ടീകരണം വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കുമെന്ന് മറുപടി നല്കിയിട്ടുണ്ട്. 15906/ രൂപയുടെ അധികചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 വീടിന് അപകടകരമായ മരം മുറിച്ചതിന് ചെലവ്

വൗച്ചർ നം.21900531/07-09-2019 പ്രകാരം 15ാം വാർഡിൽ വീടിന് അപകടകരമായി നിന്ന മരം മുറിച്ചുമാറ്റിയ ഇനത്തിൽ 4000/രൂപ റോയി .സി.ജെ.

എന്നയാൾക്ക് മസ്റ്റർ റോൾ വച്ച് 25731/06/09/2019 നമ്പർ ചെക്ക് പ്രകാരം നല്കിയിട്ടുണ്ട്. 22/07/19 ലെ കമ്മിറ്റി തീരുമാനവും പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നുണ്ടായതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 01/25.07.21-ാം നമ്പർ ഓഡിറ്റ് എൻക്വയറി നല്കുകയുണ്ടായി. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ നിന്ന മരം വീടിനുണ്ടാകുമായിരുന്ന അപകടാവസ്ഥ ഒഴിവാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുറിച്ചുനീക്കുകയാണുണ്ടായത് എന്നും മരം മുറിക്കുന്നതിന് ചെലവായ തുക മരംനിന്ന സ്ഥലത്തിന്റെ ഉടമയിൽ നിന്നീടാക്കുന്നതിന് റവന്യൂറിക്കവറി നടപടികൾ ആരംഭിച്ചതായും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കി. നടപടി പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്ക് പരിപാലനം - ടെന്റർ പരസ്യത്തിലെ നിബന്ധനകളിൽ നിന്ന് വ്യതിചലിച്ച് കരാർ ,മറ്റ് അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് വകയിരുത്തി 2019-20 ലെ 440/20 നമ്പരായും (347/21) 2020-21 ലെ 446/21 നമ്പരായും തുടർന്ന പ്രോജക്റ്റാണ് ഇത്. 2019-20ൽ തനത് ഫണ്ട് പത്ത് ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ചത്. 2019-20 വർഷത്തെ പ്രോജക്ട് 2020-21ൽ സ്പിൽ ഓവർആയി 347/21 നമ്പരായി നടപ്പാക്കി 10 ലക്ഷം ചെലവഴിച്ചു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരൻ അവസാനബിൽ നല്കുമ്പോൾ വകയിരുത്തിയതിലധികം തുക വന്നതിനാൽ അധികരിച്ച തുക നല്കുന്നതിനാണ് 2020-21 ൽ 446/21 നമ്പരായി 470000/ രൂപ വകയിരുത്തി പുതിയ പ്രോജക്ട് വച്ചത്. ടി പ്രോജക്ട് പ്രകാരം 467345/രൂപ ചെലവഴിക്കുകയും ചെയ്തു . അതായത് പ്രോജക്ടിന്റെ ആകെ ചെലവ് 14,67,345/രൂപ.

പ്രവൃത്തിക്ക് ടെന്റർ ക്ഷണിച്ച് 07-01-2020 ൽ നം.A3-1/19 നമ്പരായി പരസ്യം പ്രസിദ്ധീകരിച്ചു. പ്രസ്തുത പരസ്യത്തിലെ നിബന്ധനകളിൽ 2 ആയി ചേർത്തിട്ടുള്ളത് ടെന്റർ സമർപ്പിക്കുന്ന കരാറുകാരന് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസും, തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റും വേണമെന്നാണ്. എന്നാൽ പ്രവൃത്തിയുടെ കരാർ ലഭ്യമായ അലക്സ് ആന്റണി, പന്തിരുവേലിൽ എന്ന വ്യക്തിക്ക് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഇല്ല. ഇദ്ദേഹത്തിന് തൊഴിൽ ചെയ്യാനുള്ള ഇലക്ട്രീഷ്യൻ ലൈസൻസ് മാത്രമാണുള്ളത്. ഇദ്ദേഹം 06-02-2020 ൽ പഞ്ചായത്തുമായി കരാർ വച്ച് പ്രവൃത്തി ചെയ്തിട്ടുണ്ട്.

പരസ്യത്തിലെ നിബന്ധന 9 പ്രകാരം മാറ്റി സ്ഥാപിക്കുമ്പോൾ പഴയ കേടായ ഉപകരണങ്ങൾ പഞ്ചായത്തിൽ ഹാജരാക്കിയശേഷം മാത്രം പേമെന്റ് നല്കുന്നതാണെന്നാണ്. എന്നാൽ ഇപ്രകാരം പാലിച്ചതിന്റെ വിവരങ്ങൾ ഇല്ല.

നന്നാക്കിയ ലൈറ്റുകളുടെ എണ്ണം, ഇനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തംഗങ്ങൾ എഴുതി നല്കിയ സാക്ഷ്യപത്രമല്ലാതെ മറ്റ് ആധികാരിക രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ്പ്പെടെയുള്ള പ്രവൃത്തികൾക്ക്

ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി, സൂപ്പർവിഷൻ എന്നിവ ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതി വാങ്ങിയതിന്റെയും, പ്രവൃത്തികൾ നടന്നതുസംബന്ധിച്ച ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെയും രേഖകൾ ഇല്ല.

വർഷംതോറും തെരുവ് വിളക്ക് സ്ഥാപനത്തിനും പരിപാലനത്തിനുമായി വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിക്കുകയും സ്പിൽ ഓവറായി തുടരുകയും ചെയ്യുന്നുവെങ്കിലും പഞ്ചായത്തിലെ 19 വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള പലയിനം തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച ആധികാരിക രേഖകളൊന്നും സൂക്ഷിക്കാതെ കരാറുകാർ നല്കുന്ന ബില്ലുകളും, ഭരണസമിതി അംഗങ്ങൾ നല്കുന്ന സാക്ഷ്യപത്രങ്ങളും മാത്രം അടിസ്ഥാനമാക്കി തുകകൾ നല്കുന്നത് തെറ്റായ കീഴ്വഴക്കമാണ്. ഇലക്ട്രസിറ്റി ബോർഡിൽ നിന്ന് തെരുവ് വിളക്കുകളുടെ കറന്റ്ചാർജ് ഈടാക്കുന്ന മാനദണ്ഡപ്രകാരം ഉള്ള ഇനം തിരിച്ച തെരുവ് വിളക്കുകളുടെ എണ്ണം ചേർത്ത രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയാറാക്കേണ്ടതുമാണ്. സ്ഥിതിവിവരക്കണക്കുകളില്ലാതെ തെരുവ് വിളക്ക് പരിപാലനത്തിന് പ്രോജക്ട് വച്ച് തുകകൾ ചെലവഴിക്കുന്നതിനും, തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജിനത്തിൽ വൻതുക ചെലവഴിക്കുന്നതും നിയന്ത്രിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.5/21.07.21 ന് മറുപടി ലഭിച്ചില്ല.

## 1-17 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കിയ കമ്മറ്റി തീരുമാനം നിയമാനുസൃതമല്ല

30-09-2019 ലെ ജനറൽ കമ്മറ്റിയുടെ 2-1-16 നമ്പർ തീരുമാനപ്രകാരം പുളിമാക്കൽപ്പടി-എ പി ജെ അബ്ദുൾ കലാം റോഡ്, 2-1-18നമ്പർ തീരുമാനപ്രകാരം മരങ്ങാട്ട് പള്ളി റോഡ് എന്നിവയുടെ ടെണ്ടർ നടപടികളിൽ കുറവു തുക രേഖപ്പെടുത്തിയ മാത്യു ഫിലിപ്പ് എന്നയാളെ ഒഴിവാക്കി അടുത്തയാൾക്ക് കരാർ നല്കി തീരുമാനിച്ചിട്ടുണ്ട്. മാത്യു ഫിലിപ്പ് ഏറ്റെടുക്കുന്ന വേലകൾ കൃത്യമായി ചെയ്യുന്നില്ല എന്നും കൂടാതെ സ്പിൽ ഓവർ വേലകൾ കുറച്ചു മാത്രമേ ചെയ്യുന്നുള്ളൂ എന്നതുമാണ് കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ചവരുത്തിയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതോടൊപ്പം വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥനുള്ള അഭിപ്രായം രേഖാമൂലം അറിയിക്കേണ്ടതുമാണ് എന്നറിയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/24.07.21) മറുപടി നല്കിയിട്ടില്ല . കരാർ ലംഘനം നടത്തുന്ന കരാറുകാരനെതിരെ സ്വീകരിക്കേണ്ട നടപടികൾ 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ സ്വീകരിച്ച് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കരാറുകാരൻ കുറഞ്ഞനിരക്ക് രേഖപ്പെടുത്തുമ്പോൾ കമ്മറ്റി

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇയാളെ ഒഴിവാക്കിയത് നിയമാനുസൃതമല്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 ആസ്തിസംരക്ഷണം തുടർ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 21-05-2019 ലെ ജനറൽ കമ്മറ്റിയുടെ 16 നമ്പർ അജണ്ട പ്രകാരം നടന്ന ചർച്ച പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക നിർണ്ണയിക്കുന്നത് സംബന്ധിച്ചായിരുന്നു. ഈ ആവശ്യത്തിനായി റവന്യൂ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കൃഷിഭവൻ, ഷോപ്പിംഗ് സ്റ്റാൾ, എന്നിവ നിലനിൽക്കുന്ന വസ്തു പാലപ്ര ഭഗവതി ദേവസ്വം വക പുരയിടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും വസ്തു 40 വർഷത്തോളമായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതാണെന്നും ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലാക്കി കിട്ടുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് തുടർ നടപടി പഞ്ചായത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്ത് ആസ്തികൾ പേരിൽകൂട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും -ചെലവ് രേഖകൾ ഹാജരാക്കിയില്ല

2019-20 വർഷം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും എന്ന പ്രോജക്ട് പ്രകാരം (പ്രോ.നം 78/19-20) 836982/-രൂപയും (വിക. ഫണ്ട് 620696+ ബ്ലോ.വിഹിതം 216286), (പ്രോ.നം 280/19-20) പ്രകാരം 543400/- രൂപയും (വിക. ഫണ്ട് 343400+ ജില്ല പഞ്ച.വിഹിതം 200000) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അർഹതാ വിവരങ്ങൾ (അപേക്ഷ,സ്കൂൾ സർട്ടിഫിക്കറ്റ് ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയവ പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു (16/28.07.2021). ആയവ ഹാജരാക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 1380382/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആയവ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 അനുപൂരക പോഷകാഹാരം-ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2019-20 ൽ നിർവ്വഹണം നടത്തിയ ആനുപൂരക പോഷകാഹാര വിതരണം എന്ന പ്രോജക്ടിന് (പ്രോ നം 6/19-20) 2376086/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 2351706/-രൂപയുടെ ചെലവ് തുകക്ക്

ഉപോത്ബലകമായ രേഖകളാണ് ഹാജരാക്കിയത്. ഇവയിൽ തന്നെ പലതിനും അനുബന്ധ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | ബിൽ പ്രകാരം പിൻവലിച്ച തുക/ബിൽ നം തീയതി | ഫണ്ടിനം | തടസ്സപ്പെടുത്തിയ തുക | കാരണം |
|---|---|---|---|---|
| 1 | 868200/- 3/19-20/20-7-2019 | വികസനഫണ്ട് ജനറൽ | 110921.50 | അമൃതം ഫുഡ് മിക്സിന്റെ മുൻ വർഷത്തെ ബിൽ പ്രകാരമുള്ള തുക |
| 2 | 362415/- 5/19-20/4-7-19 | വികസനഫണ്ട് ജനറൽ | 347458/- | മാവേലി സ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയ തുകയുടെ ബില്ല് ഹാജരാക്കിയിട്ടില്ല |
| | | | 1457/- | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 3 | 45529/- 6/19-20/8-8-19 | വികസനഫണ്ട് ജനറൽ | 45529/- | അങ്കണവാടി ഹെൽപ്പർക്ക് നല്കിയ തുകയുടെ വൗച്ചർ ഇല്ല |
| 4 | 119919/- 7/19-20/28-9-2019 | വികസനഫണ്ട് ജനറൽ | 6362/- | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തൂക്കം കണക്കാക്കിയതിന് രേഖയില്ല |
| 5 | 54646/- കേന്ദ്രവിഹിതം | മറ്റ് ഫണ്ടുകൾ | 54646/- | വൗച്ചർ ഇല്ല |
| 6 | 12752/- 9/19-20/24-12-19 | വികസനഫണ്ട് ജനറൽ | 12752/- | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തൂക്കം |

| | | | | |
|---|---|---|---|---|
| | | | | കണക്കാക്കിയതിന് രേഖയില്ല |
| 7 | 392726/- കേന്ദ്രവിഹിതം | മറ്റ് ഫണ്ടുകൾ | | |
| 8 | 123120/- കേന്ദ്രവിഹിതം | മറ്റ് ഫണ്ടുകൾ | | |
| 9 | 5553/- 10/19-20/15-1-20 | വികസനഫണ്ട് ജനറല് | 5553/- | അങ്കണവാടി ഹെൽപ്പർക്ക് നല്കിയ തുകയുടെ വൗച്ചർ ഇല്ല |
| 10 | 17270/- 12/19-20/15-1-20 | വികസനഫണ്ട് ജനറല് | 12270/- | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 11 | 131099/- കേന്ദ്രവിഹിതം | മറ്റ് ഫണ്ടുകൾ | | |
| 12 | 5562/- 13/19-20/25-2-20 | വികസനഫണ്ട് ജനറല് | 5562/- | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 13 | 12915/- 23/19-20/1-3-20 | വികസനഫണ്ട് ജനറല് | 12915/- | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 14 | 200000/- ബ്ലോക്ക് വിഹിതം | മറ്റ് ഫണ്ടുകൾ | 200000/- | വൗച്ചർ ഇല്ല |
| 15 | 24380/- | | 24380/- | ചെലവ് സംബന്ധമായ യാതൊരു രേഖയും |

| | | | | |
|---|---|---|---|---|
| | | | | ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| | 2376086/- | | 839805.50 | |

പോഷകാഹാരവുമായി ബന്ധപ്പെട്ട 839805.50 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു. ആയവ ഹാജരാക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.രേഖകളുടെ അഭാവത്തിൽ 839805/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.ആയവ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ജനറൽ കമ്മറ്റി തീരുമാനം വസ്തുതാപരമല്ല

30-09-2019 ലെ ജനറൽ കമ്മറ്റിയുടെ 2-1 -21 നമ്പർ തീരുമാനപ്രകാരം പാലപ്ര അമ്പലം -ചാണകക്കുളം റോഡ് കോൺ ക്രീറ്റിംഗ് (പ്രോ.നം 139/2020) എന്ന പ്രവൃത്തിക്ക് 13.9% കുറവ് രേഖപ്പെടുത്തിയ മാത്യു ഫിലിപ്പിന്റെ ടെണ്ടർ നിരാകരിക്കുകയും തൊട്ടടുത്ത കരാറുകാരനായ ശ്രീ എം ജി അജേഷ് കുമാർ രേഖപ്പെടുത്തിയ 13.1% കുറവ് ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ മാത്യു ഫിലിപ്പ് ടെണ്ടറിൽ പങ്കെടുത്തിട്ടില്ല എന്നും കരാറുകാരനായ അജേഷ് കുമാർ സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്കാണ് അംഗീകരിച്ചിട്ടുള്ളത് എന്നും കാണുന്നു. കരാറുകാരന് തുക നല്കിയിട്ടുള്ളതും എസ്റ്റിമേറ്റ് നിരക്കിലാണ്. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല (8/24.07.2021). പഞ്ചായത്തിന്റെ ഏറ്റവും പ്രധാന രേഖയായ ജനറൽ കമ്മറ്റി തീരുമാനങ്ങൾ വസ്തുതാപരമായിരിക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 ആനുകൂല്യത്തിന് അർഹതയില്ലാത്തവർക്ക് ലാപ് ടോപ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു

പ്രോജക്ട് നം.72/19-20 അടങ്കൽ/ ചെലവ് :5,00,000/2,06,055
ഫണ്ട്: വികസന ഫണ്ട്(ടി.എസ്.പി) ബിൽ നം.1/19-20 :₹2,06,055/16.3.2020
സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം,ബിരുദാനന്തര ബിരുദം,പോളിടെക്നിക്(ഡിപ്ലോമ),എഞ്ചിനിയറിംഗ്,മെഡിക്കൽ,കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ,ബിരുദം,ബിരുദാനന്തര ബിരുദം),ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ /എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ,സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) മാത്രമാണ് ലാപ് ടോപ് സൗജന്യമായി വാങ്ങി നൽകാവുന്നത്. എന്നാൽ, ഹെഡ്മിസ്ട്രസ്സ്,ഗവ.യു.പി.എസ്.പഴമല നടപ്പാക്കിയ

വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ വിതരണം- എസ്.സി.പി-എന്ന പ്രോജക്റ്റ് പ്രകാരം ലാപ് ടോപ് നൽകിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ ടി മാനദണ്ഡം പാലിയ്ക്കുന്നില്ല .

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഠിയ്ക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | മീനാക്ഷി ശശികുമാർ,പാമ്പാടത്ത് | D.El.Edn | സെന്റ് തോമസ് റ്റി.റ്റി.ഐ. പാല |
| 2 | അക്ഷയ് മോഹനൻ,മൂഴിത്തറ | ITI Civil | ഗവ.ഐ.ടി.ഐ.നെടുങ്കാവ് വയൽ |
| 3 | അഖിൽ അജി,പുത്തൻപുരയ്ക്കൽ | Certificate Course In Fin.Accounting | ഇൻഫോടെക് കമ്പ്യൂട്ടർ അക്കാഡമി,മുണ്ടക്കയം |

വകുപ്പിൽ നിന്നും (പട്ടികജാതി) ലാപ് ടോപ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണക്കുറിപ്പിൽ (എൻക്വയറി നം.6 തീ.22.7.2021) പറഞ്ഞിരിയ്ക്കുന്ന വിഭാഗങ്ങൾക്ക് മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം അറിയില്ലായിരുന്നു എന്നും ബന്ധപ്പെട്ട വകുപ്പിൽ നിന്ന് കുട്ടികൾക്ക് ലാപ് ടോപ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചുകൊള്ളാമെന്നും ഇനിമുതൽ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ തീരുമാനങ്ങൾ എടുക്കുകയുള്ളുവെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയുടെയും സബ്സിഡി മാർഗ്ഗരേഖയുടെയും പാലനം ഉറപ്പാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ,സ്റ്റാന്റിംഗ് കമ്മിറ്റികൾ,പഞ്ചായത്ത് ഭരണസമിതി എന്നീ തലങ്ങളിലും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-23 അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു

പ്രോജക്റ്റ് നം.300/19-20 അടങ്കൽ/ ചെലവ് :1,00,000/88,800

ബിൽ നം.5/19-20: ₹ 88,800/18.9.19

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം,പോളിടെക്നിക്(ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ /എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിയ്ക്കുന്ന (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് സൗജന്യമായി ലാപ് ടോപ് ലഭിയ്ക്കുന്നതിന് അർഹതയുള്ളത്. വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട

ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. അസി.സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ടി പ്രോജക്ട് പ്രകാരം ലാപ് ടോപ് നൽകിയിട്ടുള്ള അശ്വതി പി ഷാജി,പ്ലാപ്പള്ളി പാറയിൽ പ്ലസ് ടു വിദ്യാർത്ഥിനിയായിരുന്നു. ഫെബാ സുബിൻ,വാടയിൽ എന്ന ഗുണഭോക്താവിന്റെ കാര്യത്തിൽ ആധാറിന്റെയും റേഷൻകാർഡിന്റെയും കോപ്പിയല്ലാതെ മറ്റൊരു രേഖകളുമില്ല. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ അനുവദനീയമായ കോഴ്സ് ആണോ ഗുണഭോക്താവ് ചെയ്തിരുന്നത് എന്നത് വ്യക്തമായിരുന്നില്ല .അപേക്ഷയിൽ ലഭ്യമായ ഫോൺ നമ്പറിൽ ബന്ധപ്പെട്ടപ്പോൾ കഴിഞ്ഞ വർഷമാണ് കുട്ടി പ്ലസ് ടു പാസ്സായതെന്നും ഈ വർഷം നേഴ്സിംഗ് ഒന്നാം വർഷ വിദ്യാർത്ഥിനിയാണെന്നും അറിയാൻ കഴിഞ്ഞു. മാത്രമല്ല, റിപ്പയറിംഗിനായി നൽകിയ ലാപ് ടോപ് നഷ്ടമായി എന്നാണറിയിച്ചത്. ലാപ് ടോപിന് 6 വർഷത്തെ Onsite Warranty ഉണ്ടായിരുന്നിട്ടും ഗുണഭോക്താവിന് ഇതേപ്പറ്റി അറിവില്ലാതിരുന്നത് മൂലം വാറണ്ടിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല.

മറുപടി ലഭ്യമാക്കുന്നതിനായി ടി കാലയളവിൽ നിർവ്വഹണം നടത്തിയ അസി.സെക്രട്ടറിക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് ( നം.1തീയതി 20.7.2021) മറുപടി ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രവും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രവും ഇല്ലാതെ അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുവരെ രണ്ട് ലാപ് ടോപുകളുടെ വിലയായ 44,400/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുമ്പോൾ ടെണ്ടർ/ കരാർ പ്രകാരം അവർക്ക് അർഹമായ സേവനങ്ങൾ തുടർന്ന് ലഭിയ്ക്കുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിയ്ക്കുന്നു.

<u>1-24 വാട്ടർ ടാങ്ക് വിതരണം-ടി.എസ്.പി-പ്ലാൻ ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകി-46900/-രൂപ തിരികെ ഈടാക്കിയതിൽ വ്യക്തതയില്ല</u>

പ്രോജക്ട് നം.294/19-20 അടങ്കൽ/ ചെലവ് :1,21,600/1,21,600
ബിൽ നം.1/19-20: ₹1,21,600/11.7.19

സ്പിൽ ഓവറായി നടപ്പാക്കിയിട്ടുള്ള ടി പ്രോജക്ട് പ്രകാരം 46 ഗുണഭോക്താക്കൾക്ക് 500 ലിറ്റർ പി.വി.സി ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി 1,21,600/-ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷം 66,250/-രൂപ ചെലവഴിച്ച് 25 ടാങ്കുകളും വാങ്ങിയിട്ടുണ്ട്. മുൻവർഷവും തൻവർഷവും PMM & Sons,ചേനപ്പാടി എന്ന സ്ഥാപനത്തിന് പ്ലാൻഫണ്ടിൽ നിന്നുമാണ് (റ്റി.എസ്.പി) പൂർണ്ണമായും തുക നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും 670/-രൂപ വീതം ഈടാക്കിയ തുക ചെലവഴിച്ചതായി കാണുന്നില്ല. ടി പ്രോജക്ട് പ്രകാരം അധികമായി നൽകിയിട്ടുള്ള 46900/-രൂപ തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന് 28.11.2019 തീയതിയിലെ എ3-1/19 നം. പ്രകാരം സെക്രട്ടറി കത്ത്

നൽകുകയും 14.12.2019 ൽ സ്ഥാപനം 46900/- രൂപയുടെ Post Dated (18.1.2020) ചെക്ക് (നം.100058) നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 18.3.2020 ൽ മാത്രമാണ് (രസീത് നം. 11907050013З) തനത് ഫണ്ടിൽ വരവ് വെച്ചിട്ടുള്ളത്. സ്റ്റോക്ക്/ വിതരണ രജിസ്റ്റർ പ്രകാരം 38 ഗുണഭോക്താക്കൾ മാത്രമാണ് ടാങ്ക് കൈപ്പറ്റിയിട്ടുള്ളതായി കാണുന്നത്.

ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും ടി കാലയളവിൽ നിർവ്വഹണം നടത്തിയ അസി.സെക്രട്ടറിക്ക് ഓഡിറ്റന്വേഷണക്കുറിപ്പിന്റെ (നം.1/3/1 തീയതി 20.7.2021) പകർപ്പ് നൽകിയിട്ടുണ്ടെന്നും നിലവിലുള്ള അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അത് കൂടാതെ, 46900/-രൂപയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് വിശദീകരണം നൽകേണ്ടതുമാണ്.

## 1-25 വാട്ടർ ടാങ്ക് വിതരണം-എസ്.സി.പി-ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല

പ്രോജക്ട് നം.298/19-20 അടങ്കൽ/ ചെലവ് :1,85,750/1,22,750
ബിൽ നം.2/19-20: ₹122,750/11.7.19

സ്പിൽ ഓവറായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ടി പ്രോജക്ട് പ്രകാരം 46 ഗുണഭോക്താക്കൾക്ക് 500 ലിറ്റർ പി.വി.സി ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി 1,22,750/-ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ബില്ല് പ്രകാരം 1,21,900/-യാണ് നൽകേണ്ടിയിരുന്നത്. മുൻ വർഷം 66,250/-രൂപ ചെലവഴിച്ച് 25 ടാങ്കുകളും വാങ്ങിയിട്ടുണ്ട്. മുൻവർഷവും തൻവർഷവും PMM & Sons,ചേനപ്പാടി എന്ന സ്ഥാപനത്തിന് പ്ലാൻഫണ്ടിൽ നിന്നുമാണ് (എസ്.സി.പി) പൂർണ്ണമായും തുക നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും 670/- വീതം ഈടാക്കിയ തുക ചെലവഴിച്ചതായി കാണുന്നില്ല. സ്റ്റോക്ക്/ വിതരണ രജിസ്റ്റർ പ്രകാരം 90 ഗുണഭോക്താക്കൾക്ക് ടാങ്ക് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു.

ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം പ്ലാൻ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് ( നം.1/2 തീയതി 20.7.2021) മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ടൂ വീലർ വിതരണം-എസ്.സി.പി-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം.299/19-20 അടങ്കൽ/ ചെലവ് :3,00,000/2,70,000
ബിൽ നം.3/19-20:₹1,50,000/23.7.19
ബിൽ നം.4/19-20: ₹ 60,000/23.7.19
ബിൽ നം.6/19-20: ₹ 30,000/18.9.19

ബിൽ നം.7/19-20: ₹ 30,000/18.9.19

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-4 ലെ ക്രമ നം.9 പ്രകാരം തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിട്ടുള്ള പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഇരുചക്രവാഹനം വാങ്ങുന്നതിന് വിലയുടെ 50% സബ്സിഡി അനുവദനീയമാണ്. ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങണമെന്നും വാഹനം വാങ്ങിയ കടയുടെ അക്കൗണ്ടിലേയ്ക്കോ വായ്പയെടുക്കുന്ന സംഗതിയിൽ വാഹന വായ്പാ അക്കൗണ്ടിലേയ്ക്കോ ആയിരിക്കണം സബ്സിഡി തുക നൽകേണ്ടതെന്നും മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, അപേക്ഷകന്റെ പേരിൽ വാഹനം വാങ്ങിയതിന്റെ രേഖകൾ ലഭ്യമല്ല. മുത്തൂറ്റ് മോട്ടോഴ്സ്, പുരയ്ക്കൽ ഹോണ്ട, സ്പിൻ റ്റി.വി.എസ് എന്നീ ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സുകൾ മാത്രമാണ് ഫയലിലുള്ളത്. അജിൻ രാജു , പേഴുംകാട്ടിൽ എന്ന ഗുണഭോക്താവിന്റെ കാര്യത്തിൽ പ്രൊഫോർമ ഇൻവോയ്സും ലഭ്യമല്ല. നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കുരുത് എന്നും മാനദണ്ഡങ്ങളിൽ നിഷ്കർഷിക്കുന്നു.

ടൂ വിലർ വാങ്ങിയതിന്റെ വിവരങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും ടി കാലയളവിൽ നിർവ്വഹണം നടത്തിയ അസി.സെക്രട്ടറിക്ക് ഓഡിറ്റന്വേഷണക്കുറിപ്പിന്റെ ( നം.1തീയതി 20.7.2021) പകർപ്പ് നൽകിയിട്ടുണ്ടെന്നും നിലവിലുള്ള അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചതിനാൽ 2,70,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 കളവെട്ട് യന്ത്രം വിതരണം- ടി.എസ്.പി-വ്യക്തിഗത ഗുണഭോക്താവിന് സബ്സിഡി നൽകി

പ്രോജക്ട് നം.296/19-20 അടങ്കൽ/ ചെലവ് :30,000/15,000

ബിൽ നം. 16/19-20:₹15,000/18.1.2020

ജി.ഒ(എം.എസ്) 22/2018/തസ്വഭവ തീയതി 14.2.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുറ്റിപ്പമ്പ്, പവർ സ്പ്രേയർ, കാടുവെട്ട് യന്ത്രം തുടങ്ങിയ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സമിതികൾക്കും സംഘങ്ങൾക്കും മാത്രമാണ് സബ്സിഡി അനുവദനീയമായി കാണുന്നത്. വ്യക്തികൾക്ക് നൽകാൻ പാടില്ല എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. വിൽസൺ തോമസ്,വെപ്പാട്ടുശ്ശേരിൽ എന്നയാൾക്ക് കളവെട്ട് യന്ത്രം വാങ്ങുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം 15,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. മാത്രമല്ല, കല്ലറയ്ക്കൽ ഏജൻസിയുടെ 15,500/-രൂപയുടെ ഒരു പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിലുള്ളത്. ടിയാൻ കളവെട്ട് യന്ത്രം വാങ്ങിയതിന്റെ ബില്ല് ലഭ്യമല്ല.

കളവെട്ട് യന്ത്രം വിതരണം ടി.എസ്.പി എന്ന പദ്ധതി വ്യക്തികൾക്ക് ധനസഹായം എന്ന രീതിയിലാണ് ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുള്ളത് എന്നും ആയതിനാലാണ് വ്യക്തിഗതമായിട്ട് നൽകിയിട്ടുള്ളതെന്നും കളവെട്ട് യന്ത്രം വാങ്ങിയതിന്റെ ബില്ല് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.1 തീയതി.20/7/2021 ) മറുപടി നൽകിയിട്ടുണ്ട്. ബില്ല് ഹാജരാക്കുന്നതുവരെ 15,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭാവിയിൽ, സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതികൾ ആവിഷ്കരിയ്ക്കുന്നതും നടപ്പിലാക്കുന്നതും ഒഴിവാക്കേണ്ടതാണ്.

<u>1-28 മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി.പാറത്തോട് നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ</u>

I) ജി.ഒ(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം മതിപ്പ് വില 1ലക്ഷം രൂപയിൽ കൂടുതൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം ഓപ്പൺ ടെണ്ടർ നടപടികളിലൂടെയായിരിയ്ക്കണം എന്ന് നിർദ്ദേശിയ്ക്കുന്നുണ്ട്. അതുപോലെ, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തണമെന്നും അതനുസരിച്ച് സമാഹരണ നടപടികൾ സ്വീകരിയ്ക്കണമെന്നും അനുശാസിയ്ക്കുന്നുണ്ട്. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.പാറത്തോട് 2019-20 ൽ നടപ്പിലാക്കിയ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതി (208/19-20) പ്രകാരം ദർശന ഒപ്റ്റിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 2,33,687 രൂപ ചെലവഴിച്ച് 392 കണ്ണടകൾ വാങ്ങിയിട്ടുണ്ട്. ഇതേ പ്രോജക്ട് സ്പിൽ ഓവറായി ( 287/20-21) നടപ്പാക്കിയപ്പോൾ 154കണ്ണടകൾ വാങ്ങുന്നതിനായി 91757/-രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, വയോജനങ്ങൾക്ക് കണ്ണട വിതരണം -ടി.എസ്.പി( 201/19-20) , കണ്ണട-ശ്രവണ ശ്രവണസഹായി വിതരണം- എസ്.സി.പി(322/20-21;204/20ന്റെ സ്പിൽ ഓവർ) എന്നിവ പ്രകാരം യഥാക്രമം ₹26,826/-,₹ 37,556) യും ചെലവഴിച്ചിട്ടുണ്ട്. ക്യാമ്പിനോടനുബന്ധിച്ച് 54 ബി.പി.അപ്പാരറ്റസ്,30 ഗ്ലൂക്കോമീറ്റർ,40 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾ എന്നിവയും വാങ്ങിയിട്ടുള്ളതായി കാണുന്നു. 3,89,826/- രൂപയുടെ കണ്ണടകൾ സമാഹരണത്തിനുള്ള ഏറ്റവും കാര്യക്ഷമവും ലാഭകരവുമായ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ ഒഴിവാക്കി ദർശന ഒപ്റ്റിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല. മെഡിക്കൽ ക്യാമ്പ് സംബന്ധിച്ച വിവരങ്ങളും കണ്ണടകളും മറ്റ് സാമഗ്രികളും സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങളും ലഭ്യമല്ല. ഓഡിറ്റന്വേഷണക്കുറിപ്പ് (നം.13 തീയതി 26.7.2021) നൽകിയതിനെ തുടർന്ന് കണ്ണടകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ,സമാഹരണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങളിലൂടെ മാത്രം സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം നടത്തേണ്ടതാണ്.

li) പി.എച്ച്.സിയ്ക്ക് ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ

പ്രോജക്ട് നം.450/19-20 അടങ്കൽ/ ചെലവ് :900000/36583

ബിൽ നം.18/19-20: ₹ 24677/22.2.2020

ബിൽ നം.19/19-20: ₹ 11906/22.2.2020

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.പാറത്തോട് നിർവ്വഹണം നടത്തിയ പി.എച്ച്.സിയ്ക്ക് ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്ട് പ്രകാരം ARTCO, KMSCL തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സുകൾ മാത്രമാണ് ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ളത്. ഇവയുടെ ടാക്സ് ഇൻവോയ്സ് ഫയലുകളിൽ ലഭ്യമല്ല . ഈ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ലഭ്യമല്ല.

ലഭ്യമായ എല്ലാ സാധനങ്ങളുടെയും /ഉപകരണങ്ങളുടെയും സ്റ്റോക്ക് എടുത്തിട്ടുണ്ടെന്നും മെഡിക്കൽ ക്യാമ്പ് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും ലഭ്യമാണ് എന്നും എക്സിറ്റ് മീറ്റിങ്ങിൽ മെഡിക്കൽ ഓഫീസർ അറിയിയ്ക്കുകയുണ്ടായി.രേഖകളുടെ അഭാവത്തിൽ 36,583/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 നിക്ഷേപപ്രവൃത്തികൾ-പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന 2019-20 വർഷത്തെ പ്രോജക്ടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | നല്കിയ തുക | ഫണ്ടിനം | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 306/20,ഇടക്കുന്നം,സി.എസ്.ഐ അങ്കണവാടിക്ക് കുഴൽക്കിണർ | 100000/ | തനത് ഫണ്ട് ചെക്ക്. 5780155/20-01-20 | ഭൂഗർഭജലവകുപ്പ്. | |
| 2 | 224/20,ചക്കുംകുഴി കുടിവെള്ളപദ്ധതി കുഴൽകിണർ നിർമാണം,മോട്ടോർഅനുബന്ധസസാമഗ്രികൾ സ്ഥാപിക്കൽ. | 411000/ | തനത് ഫണ്ട്. ചെക്ക്. 5847027/18-03-20 | ഭൂഗർഭജലവകുപ്പ്. | |
| 3 | 441/20,കുഴൽകിണറുകൾക്ക് മോട്ടോർ ,ഹാന്റ് പമ്പ് സ്ഥാപിക്കൽ | 100000/ | തനത് ഫണ്ട്. ചെക്ക്.5780918/02-03-20 | ഭൂഗർഭജലവകുപ്പ്. | |
| 4 | 383/20, പൈപ്പ് ലൈൻ സ്ഥാപിക്കൽ | 90000/ | തനത് ഫണ്ട്. ചെക്ക്.5838746/05-03-20 | കേരള വാട്ടർ അതോറിട്ടി. | സുലേഖ 2020-21ലെ കണക്കുകളിൽ ചേർത്തിരിക്കുന്നു. |
| 5 | 310/20,പോസ്റ്റ് ഷിഫ്റ്റിംഗ് | 26709/ | തനത് ഫണ്ട്. ചെക്ക്.25707/26-08-19 | ഇലക്ട്രിസിറ്റി ബോർഡ്. | |

പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.727709/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും മുന്നിരിപ്പായുണ്ടായിരുന്നതിൽ ചെലവഴിച്ചതുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2019-20 | 881,644/- | ലൈഫ് ഭവന പദ്ധതി-ജനറൽ(406/20) | 881,644/- | 0 |
| | 2019-20 | 491,807/- | ലൈഫ് ഭവന പദ്ധതി-SCP (421/20) | 491,807/- | 0 |
| | 2019-20 | 367,266/- | ലൈഫ് ഭവന പദ്ധതി-TSP (422/20) | 367,266/- | 0 |
| | 2019-20 | 300,000/- | അങ്കനവാടി അനുപൂരക പോഷകാഹാരം(6/20) | 200,000/- | 100,000/- |
| | 2019- | 216,290/- | ഭിന്നശേഷി | 216,286/- | 4/- |

| | | | | |
|---|---|---|---|---|
| 20 | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(78/20) | | |
| 2019-20 | 225,000/- | പാലിയേറ്റീവ് കെയർ യൂണിറ്റ്(153/20) | 172,519/- | 52,481/- |
| ആകെ | 2,482,007/- | ആകെ റവന്യൂ പ്രോജക്ട് ചെലവ് | 2,329,522/- | 152,485/- |
| 2019-20 | 100,000/- | പെരുമ്പറ പുത്തൻപുരയ്ക്കൽ റോഡ് കോൺക്രീറ്റിങ്ങ് വാർഡ്-11 (58/20) | 99,873/- | 127/- |
| 2019-20 | 300,000/- | പൊൻമല കല്ലമ്പള്ളി റോഡ് കോൺക്രീറ്റിങ്ങ് വാർഡ്-16 (73/20) | 246,971/- | 53,029/- |
| 2019-20 | 100,000/- | കളപ്പുറം ആനത്താനം തെക്കേമുറിപ്പടി റോഡ് കോൺക്രീറ്റിങ്ങ് വാർഡ്-12 (164/20) | 95,177/- | 4,823/- |
| 2019-20 | 200,000/- | പാലപ്ര അമ്പലം പഴുമല റോഡ് കോൺക്രീറ്റിങ്ങ് വാർഡ്-19 (189/20) | 199,426/- | 574/- |
| 2019-20 | 150,000/- | വണ്ടൻപാറ താമരച്ചാൽപ്പടി പടിഞ്ഞാറേ മുറിപ്പടി റോഡിന്റെ കാന സൈഡ് കെട്ടി സ്ലാബ് ഇട്ട് കോൺക്രീറ്റ് (374/20) | 149,773/- | 227/- |
| 2019-20 | 200,000/- | പാറത്തോട് കുന്നുംഭാഗംപഴുമല റോഡ് കോൺക്രീറ്റിങ്ങ് (405/20) | 199,522/- | 478/- |
| ആകെ | 1,050,000/- | ആകെ ക്യാപ്പിറ്റൽ പ്രോജക്ട് ചെലവ് | 990,742/- | 59,258/- |

| | | | | | |
|---|---|---|---|---|---|
| | ഒട്ടാകെ | 3,532,007/- | ആകെ ബ്ലോക്ക് വിഹിതം ചെലവ്, നീക്കിയിരിപ്പ് | 3,320,264/- | 211,743/- |
| ജില്ല പഞ്ചായത്ത് കോട്ടയം | 2019-20 | 6,787,004/- | ലൈഫ് ഭവന പദ്ധതി-ജനറൽ(406/20) | 6,787,004/- | 0 |
| | 2019-20 | 107,122/- | ലൈഫ് ഭവന പദ്ധതി-SCP(421/20) | 107,122/- | 0 |
| | 2019-20 | 200,000/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(280/20) | 200,000/- | 0 |
| | ആകെ | 7,094,126/- | ആകെ ജില്ല വിഹിതം ചെലവ്, നീക്കിയിരിപ്പ് | 7,094,126/- | 0 |

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി തൻവർഷം ലഭിച്ച ക്യാപ്പിറ്റൽ ചെലവ് തുകയും റവന്യൂ ചെലവിനായുള്ള ഗ്രാന്റ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്(320700204). ക്യാപ്പിറ്റൽ പ്രോജക്ട് ചെലവിനായി ലഭിക്കുന്ന തുക 320700304 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് 3,320,264/- രൂപയും ധനകാര്യ പത്രിക പ്രകാരം 3,273,293/- രൂപയുമാണ്. 46,971/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. അതിനാൽ ടി തുക 320700204 ശീർഷകത്തിലെ നീക്കിയിരിപ്പിലും അധികമായി നിലനിൽക്കുന്നു.

ജില്ല പഞ്ചായത്തിൽ നിന്ന് ലഭിച്ച 6,894,126/- രൂപ ഗ്രാന്റ് തുക 160300101 റവന്യൂ ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി തുക വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെ 406/20, 421/20 പ്രോജക്ടുകളിലൂടെ ചെലവഴിച്ചു. 280/20 നം. പ്രോജക്ടിനായി ചെലവഴിച്ച തുക 2 ലക്ഷം രൂപ 320700205 ശീർഷകത്തിലെ ഗ്രാന്റ് തുകയിൽ നിന്ന് ചെലവഴിക്കേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകത മൂലം പ്രോജക്ട് ചെലവിനു ശേഷവും ഗ്രാന്റ് ബാധ്യതയായി അവശേഷിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ജല അതോറിറ്റി | പൈപ്പ് ലൈൻ | 90,000/- | 0 | 90,000/- |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ-വാർഡ്-9(383/20) | | | |
| ഭൂജല വകുപ്പ് | ചക്കകുഴി കുടിവെള്ള പദ്ധതി-വാർഡ്-9 (224/20) | 411,000/- | 0 | 411,000/- |
| ഭൂജല വകുപ്പ് | ഇടക്കുന്നം സി.എസ്.ഐ. അംഗൻവാടിക്ക് കുഴൽക്കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും (306/20) | 100,000/- | 0 | 100,000/- |
| ഭൂജല വകുപ്പ് | കുഴൽക്കിണറുകൾക്ക് മോട്ടാർ, ഹാന്റ് പമ്പ് എന്നിവ സ്ഥാപിക്കലും മെയിന്റനൻസും(441/20) | 100,000/- | 0 | 100,000/- |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ്(310/20) | 26709/- | 0 | 26709/- |

ജല അതോറിറ്റിയിൽ നിക്ഷേപിച്ച 383/20 പ്രോജക്ട് ചെലവ് 90,000/- സുലേഖ ചെലവു പത്രികയിൽ ചെലവായി പ്രതിഫലിച്ചിട്ടില്ല. 310/20 പ്രോജക്ടിനായി ചെലവഴിച്ച 26709/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ(KURDFC) | 13,802,387/- | 12,098,486/- | 838,235/- | - | 25,062,638/- |

സെക്രട്ടറിയുടെ 437/20, 438/20, 439/20 നം. പ്രോജക്ടുകൾ പ്രകാരം 838,235/- വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ്

നടത്തിയത്. പഞ്ചായത്തിൽ ഹഡ്കോ വായ്പയുടെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി ഇടപാടുകൾ രേഖപ്പെടുത്തി ഓരോ വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക 31/03/2020-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകകൾ ഒന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14,15,16,17 | 2002-03 | 5-9 (1) | പൊതുമരാമത്ത് പണി-ചെലവായ തുകയേക്കാൾ കൂടുതൽ പിൻവലിച്ച് പണാപഹരണം നടത്തി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2002-03 | അദ്ധ്യായം 8 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. 15.07.02 ലെ എൽ.എഫ് 10763/ പി.ടി. 1/02 | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2-A | 2016-17 | 1, അനുബന്ധം3 | വസ്തു നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3 A,B | 2016-17 | 2, അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5,2-6,2-7 | 2016-17 | 2, അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്ജ്/സർച്ചാർജ്ജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 125,782,378/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 106,433,736/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,329,385/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 15,906/- | രേഖ എം. കെ., സെക്രട്ടറി |
| 1-19 | 1,380,382/- | ബിന്ദു എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-20 | 839,805/- | ബിന്ദു എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-24 | 44,000/- | ശ്രീ ഷുക്കൂർ മുഹമ്മദ് എം. എ. , അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 270,000/- | ശ്രീ ഷുക്കൂർ മുഹമ്മദ് എം. എ. , അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 15,000/- | ശ്രീ ഷുക്കൂർ മുഹമ്മദ് എം. എ. , അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 36,583/- | ഡോ. പ്രിയ എം. ടി. , മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | | പി.എച്ച്.സി. |
| 1-29 | 727,709/- | രേഖ എം. കെ., സെക്രട്ടറി |
| ആകെ | 3,329,385/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/07/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(1)/2018/02.02.2018 | 23 |
| 1994-95, 1995-96 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(2)/2018/02.02.2018 | 10 |
| 1996-97 | എൽ.എഫ്.കെ.പി4-868/98 /09.03.1999/22.04.1999 | - |
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(4)/2018/02.02.2018 | 2 |
| 98-99 ചെലവ് | എൽ.എഫ്.കെ.പി8-558/02/ 02.11.2002/02.05.2003 | - |
| 1999-00, 2000-01, 2001-02(ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി8-880/03/ 09.07.2004/04.09.2004 | - |
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി13/1504(2)/15/ 31.03.2016 | 4 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി13/1504(3)/15/ 22.03.2016 | 5 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(7)/2018/02.02.2018 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി13/ 1504(5)/15/22.03.2016 | 3 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(8)/18/ 02.02.2018 | 22 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി/13/695/11/ 17.09.2012/02.10.2012 | - |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി/13/871/14/ 08.01.2014 | 9 |
| 2009-10 | എൽ.എഫ്.കെ.പി13/448/14/ 11.09.2014 | 9 |
| 2010-11,11-12 | എൽ.എഫ്.കെ.പി11(അദാ-2018)/204(9)/18/ 02.02.2018 | 16 |
| 2012-13 | എൽ.എഫ്.കെ.പി13/1243/14/ 11.11.2014 | 15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13-1752/15/ 15.03.2016 | 13 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/960/16/ 02.05.2017 | 14 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/1739/16/ 16.08.2017 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/990/17/ 28.11.2017 | 25 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1820/19/ 27.09.2019/01.10.2019 | 30 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/236/2020/ 23.03.2020/24.04.2020 | 40 |

തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളിൻമേൽ ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങളും അനുബന്ധരേഖകളും ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്